# KOZHIKODE RURAL POLICE

## CENTRAL EQUIPMENT IDENTITY REGISTER-CEIR
## OPERATING PROCEDURE:

മൊബൈൽ ഫോൺ നഷ്ടമാവുകയോ മോഷണം പോവുകയോ ചെയ്താൽ നമുക്കു തന്നെ മൊബൈൽ ഫോൺ ബ്ലോക്ക് ചെയ്യാവുന്നതാണ്. നഷ്ടപ്പെട്ടതോ മോഷണം പോയതോ ആയ മൊബൈൽ ഫോൺ ബ്ലോക്കു ചെയ്യുന്നതിനായുള്ള വെബ്സൈറ്റ് ആണ് CEIR. ( **https://www.ceir.gov.in**).

നിങ്ങളുടെ മൊബൈൽ ഫോൺ നഷ്ടമായാൽ / മോഷണം പോയാൽ എന്തു ചെയ്യണം, എങ്ങിനെയാണ് മേൽ പറഞ്ഞ വെബ്സൈറ്റിൽ പ്രവേശിക്കേണ്ടത്, എന്തൊക്കെ വിവരങ്ങളാണ് പ്രസ്തുത വെബ്സൈറ്റിൽ നൽകേണ്ടത് എന്നിവയാണ് ഇവിടെ വിവിരിക്കുന്നത്.

**പോർട്ടലിൽ വിവരങ്ങൾ നൽകുന്നതിന് മുമ്പായി നഷ്ടപ്പെട്ടതോ മോഷണംപോയതോ ആയ ഫോണിൽ ഉപയോഗിച്ചിരുന്ന SIM ന്റെ ഡ്യൂപ്ലിക്കേറ്റ് എടുക്കണ്ടതുണ്ട്. ഈ മോബൈൽ നമ്പറിലേക്കാണ് OTP വരുക. ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.**

മൊബൈൽ ഫോൺ നഷ്ടമാവുകയോ മോഷണം പോവുകയോ ചെയ്താൽ പോലീസ് സ്റ്റേഷനുകളിൽ പരാതി നൽകിയ ശേഷം

നിങ്ങൾക്കു തന്നെ CEIR എന്ന വെബ്പോർട്ടലിൽ (https://www.ceir.gov.in) നേരിട്ട് വിവരങ്ങൾ നൽകാവുന്നതാണ്. പരാതിയിന്മേൽ സ്റ്റേഷനിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടോ, FIR കോപ്പിയോ ഈ സൈറ്റിൽ അപ്ലോഡ് ചെയ്ത് നിങ്ങളുടെ ഫോൺ ബ്ലോക്ക് ചെയ്യാവുന്നതാണ്. ഫോൺ തിരികെ ലഭിക്കുമ്പോൾ CEIR ലെ unblock ഓപ്ഷൻ ഉപയോഗിച്ച് ഫോൺ പ്രവർത്തിപ്പിക്കാവുന്നതാണ്.

## ഫോൺ ബ്ലോക്ക് ചെയ്യുന്നതെങ്ങിനെ?

*Before initiating the request, the mobile users should have gotten the new SIM from TSP for his mobile connection as it will be required for OTP verification and he should also have following documents: i. Police complaint i.e. FIR/LR regarding lost/stolen mobile device. ii. Identity Proof of User iii. Purchase invoice of Mobile device (optional) After arranging the required documents user should go through following steps to raise the blocking request:*

**1)** പോലീസ് സ്റ്റേഷനിൽ പരാതി രജിസ്റ്റർ ചെയ്യുക

**2)** പരാതി സമർപ്പിച്ചതിന്റെ കോപ്പി

**3)** പരാതിയിന്മേൽ സ്റ്റേഷനിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ട് / രസീതി/ FIR കോപ്പി

**4)** സൈറ്റിലേക്ക് പ്രവശിക്കുന്നതിനായി www.ceir.gov.in എന്ന URL ലേക്ക് പോകുക. വെബ്ബ് സൈറ്റിലെ ചുവന്ന ബട്ടണിൽ Block Stolen/ Lost Mobile എന്ന ഭാഗം കാണാം. ഈ ഓപ്ഷനിൽ ക്ലിക്കു ചെയ്യുക.

5) **ഡിവൈസ് ഇൻഫർമേഷൻ എന്ന ഭാഗത്ത്** : മൊബൈൽ നമ്പർ **(നഷ്ടപ്പെട്ടതോ മോഷണംപോയതോ ആയ ഫോണിൽ ഉപയോഗിച്ചിരുന്ന നമ്പർ) , IMEI നമ്പർ, ഡിവൈസ് ബ്രാന്റ്, മോഡൽ, പർച്ചേഴ്സ് ഇൻവോയ്സ് എന്നിവ നൽകുക**

6) **ലോസ്റ്റ് ഇൻഫർമേഷൻ എന്ന ഭാഗത്ത്** : ലോസ്റ്റ് പ്ലേസ് ( നഷ്ടപ്പെട്ട സ്ഥലം) തിയ്യതി, സ്റ്റേറ്റ്, ജില്ലയുടെ പേര് , പോലീസ് സ്റ്റേഷൻ, പോലീസ് കംപ്ലൈന്റ് നമ്പർ എന്നിവ നൽകിയ ശേഷം പോലീസ് കംപ്ലൈന്റ് അപ് ലോഡ് ചെയ്യുക.

7) **മൊബൈൽ ഓണർ പേഴ്സണൽ ഇൻഫർമേഷൻ എന്ന ഭാഗത്ത്** : ഓണറുടെ പേര്, അഡ്രസ്സ്, അപ് ലോഡ് ഐഡൻറിറ്റി ( കോമ്പോയിൽ നിനനും സെലക്ട് ചെയ്ത ശേഷം ID അപ് ലോഡ് ചെയ്യുക) , പ്രസ്തുത ID യുടെ നമ്പർ, മൊബൈൽ നമ്പർ എന്നിവ നൽകി Get OTP എന്ന ഭാഗം ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന OTP എന്റർ ചെയ്ത് Declaration ബോക്സിൽ ടിക്ക് ചെയ്ത് Submit ബട്ടർ ക്ലിക്ക് ചെയ്ത് ബ്ലോക്ക് ചെയ്യുന്നതിനുള്ള അപേക്ഷ സമർപ്പിക്കുക.

8) ***സ്റ്റാർ ഇട്ട ഭാഗത്ത് നിർബ്ബന്ധമായും വിവരങ്ങൾ നൽകിയിരി ക്കേണ്ടതാണ്.***

***https://www.ceir.gov.in***

# ⃠ Request for blocking lost/stolen mobile

**(Currently operational for Maharashtra subscribers (Lost/Stolen on/after 13/09/2019), and Delhi subscribers (Lost/Stolen on/after 30/12/2019))**

**# All (*) marked fields are mandatory.**

നഷ്ടപ്പെട്ട ഫോണിൽ ഉപയോഗിച്ചിരുന്ന Mob: No ആണ് ഇവിടെ നൽകേണ്ടത്. ഈ നമ്പറിലേക്കാണ് OTP വരുക.

**Device Information**

**Mobile Number 1*** +91 Mobile Number 1

**Mobile Number 2** +91 Enter if dual sim mobil

**IMEI 1** Enter 15 digit IMEI Number

**IMEI 2** Enter if dual sim mobile

**Device Brand*** Select

**Device Model** Device Model

**Upload mobile purchase invoice** Browse... No file selected.

**Lost Information**

**Lost Place*** Lost Place

**Lost Date*** 2022-01-25 14:17:18

**Select State/UT*** Select

**Select District*** Select

**Select Police Station***

**Police Complaint Number*** Police Complaint Number

**Upload Police Complaint*** Browse... No file selected.

Add more complaint

**Mobile Owner Personal Information**

**Owner Name*** Owner Name

**Address*** Owner Address

**Upload Identity*** Select

Browse... No file selected.

**Identity Number*** Enter Identity Number

**Email ID** Email-ID


**Captcha*** fqa2126 Enter the text in image

**Mobile Number for OTP*** +91 Mobile Number

Get OTP

Declaration: I hereby declare that all the details furnished above are true and correct to the best of my knowledge and belief. In case any of the above information is found to be false or untrue or misleading or misrepresenting, I am aware that I may be held liable for it.


**9)** അപേക്ഷ സമർപ്പിച്ചു കഴിഞ്ഞാൽ ഒരു റിക്വസ്റ്റ് ഐഡി ലഭിക്കുന്നതാണ്. ഈ ഐഡി ഉപയോഗിച്ച് അപേക്ഷയുടെ Status പരിശോധിക്കാവുന്നതാണ്.




**10)** അപേക്ഷ സമർപ്പിച്ചു കഴിഞ്ഞാൽ നിങ്ങൾ നൽകിയ IMEI നമ്പർ ബ്ലോക്ക് ചെയ്യപ്പെടുന്നതാണ്. ഇങ്ങനെ ബ്ലോക്കു ചെയ്താലും ഫോൺ ട്രാക്കു ചെയ്യാൻ പോലീസിനു കഴിയുന്നതാണ്.

## <u>ബ്ലോക്ക് ചെയ്ത ഫോൺ തിരിച്ചു കിട്ടിയാൽ എന്തു ചെയ്യണം</u>

www.ceir.gov.in വെബ്സൈറ്റിൽ അൺബ്ലോക്ക് ചെയ്യാനുള്ള ഓപ്ഷൻ കാണാവുന്നതാണ്. ഇത് ക്ലിക്ക് ചെയ്ത് നിങ്ങൾക്ക് ബ്ലോക്ക് ചെയ്യുന്ന സമയത്ത് ലഭിച്ച റിക്വസ്റ്റ് ഐഡി നൽകിയ ശേഷം അൺബ്ലോക്ക് ചെയ്യാനുള്ള കാരണം വ്യക്തമാക്കി OTP നൽകി സബ്മിറ്റ് ചെയ്യാവുന്നതാണ്. ഈ പ്രവർത്തി പൂർത്തീകരിച്ചു കഴിഞ്ഞാൽ പ്രസ്തുത ഫോൺ ഉപയോഗിക്കാവുന്നതാണ്.



ഈ പോർട്ടലിൽ നിങ്ങളുടെ പരാതി രജിസ്റ്റർ ചെയ്യുന്നതിന് ബുദ്ധിമുട്ടുകൾ നേരിടുന്നുവെങ്കിൽ അതാത് പോലീസ് സ്റ്റേഷനിൽ നിന്നും വേണ്ട നിർദ്ദേശം സ്വീകരിക്കുക. കൂടുതൽ വിവരങ്ങൾക്ക് ജില്ലാ സൈബർസെല്ലുമായി ബന്ധപെടാവുന്നതാണ്.